# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 930 12.06.2013-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ

ചോദ്യം

ശ്രീ. എ. കെ. ബാലൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ

(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗങ്ങൾ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്നതിന് ഇപ്പോഴത്തെ സർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗങ്ങൾ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്നതിന് ഇപ്പോഴത്തെ സർക്കാർ സഹകരണ വകുപ്പിന് തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല. എന്നാൽ 25,000/-രൂപ വരെയുള്ള വായ്പ എഴുതിതള്ളൽ പദ്ധതി പ്രകാരം, പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗക്കാരുടെ വായ്പ എഴുതി തള്ളുന്നതിന് സഹകരണസംഘം രജിസ്ട്രാറിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിനായി കഴിഞ്ഞ സർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എഴുതി തള്ളുന്നതിന് പ്രത്യേകം തുക അനുവദിച്ചിരുന്നില്ല. എന്നാൽ കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിനായി കഴിഞ്ഞ സർക്കാർ 77,28,34,000/-രൂപ അനുവദിച്ചതിൽ നിന്നും സഹകരണ വകുപ്പിൽ കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിനായി 27.07.2010 ലെ സ.ഉ(കൈ) 84/10/പജപവവിവ നമ്പർ ഉത്തരവ്, 4.11.2010 ലെ സ.ഉ(കൈ) 114/10/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് എന്നിവ പ്രകാരം 68,74,57,814/-രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. പട്ടികജാതിക്കാരായ എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു എന്ന വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |

(തുടർച്ച....2)

| | | | |
|---|---|---|---|
| (സി) | നിലവിലുള്ള ആനുകൂല്യം വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാൻ തയ്യാറാവുമോ; | (സി) | 12.11.2009 ലെ സ.ഉ(പി) 100/09/പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായ കടാശ്വാസ പദ്ധതിയിൽ സർക്കാർ വഹിക്കുന്ന പരമാവധി തുക 25,000/-രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ച്, ടി പദ്ധതിയുടെ കാലാവധി ദീർഘി പ്പിച്ച് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (ഡി) | ജപ്തി ഭീഷണി നേരിടുന്നവരെ സഹായിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | പരിശോധിക്കുന്നതാണ്. |

Bali. KJ

സെക്ഷൻ ഓഫീസർ